# KANNUR UNIVERSITY

**(Abstract)**

FYUGP- Scheme and Syllabus of first and second semester Malayalam Courses (including AEC) - Approved & Implemented in Affiliated colleges w.e.f.2024 admission - Orders Issued

**ACADEMIC C SECTION**

ACAD C/ACAD C5/21906/2024 Dated: 30.12.2024

Read:-1. U.O. No. FYUGPSC/FYSC-I/5074/2024, dated: 18/04/2024 and 06/08/2024

2. The Minutes of the Meeting of the Scrutiny Committee held on 15/06/2024

3. E-mail of the Chairperson, Board of Studies in Malayalam(UG), dated 25/06/2024

4. The Minutes of the Meeting of the Academic Council, held on 25/06/2024

5. Minutes of the meeting of the BoS in Malayalam (UG) held on 30/11/2024

6.The Orders of the Vice Chancellor,dtd:27/12/2024

**ORDER**

1.The Regulations of Kannur University Four Year Under Graduate Programmes (KUFYUGP) for Affiliated Colleges was implemented with effect from 2024 admission and thereafter, certain modifications were effected in the same, vide papers read (1) above.

2.Thereafter, the Scrutiny Committee, including the Dean, Faculty of Language & Literature, scrutinized the Syllabus submitted by the Chairperson, Board of Studies (BoS) in Malayalam (UG) and recommended certain suggestions vide paper read (2) above.

3.Subsequently, the Chairperson, Board of Studies in Malayalam (UG) vide paper read (3) above, forwarded the Scheme and Syllabus of the Malayalam Courses, after incorporating the modifications suggested by the Scrutiny Committee, for approval.

4.Thereafter, the Scheme and Syllabus concerned was placed before the Academic Council for consideration.

5.The XXVIII th meeting of Academic Council, vide paper read (4), approved the Syllabi of the FYUGP in principle and permitted to publish the same as and when ready after making the necessary modifications.

6.The minutes of the Academic Council was approved by the Vice Chancellor.

7.However, on verification of the Syllabus with the approved Regulations, certain errors were noticed in the Credit distribution pattern and the matter was intimated the Chairperson, BoS,Malayalam (UG) for necessary action.

8.The meeting of BoS in Malayalam ( UG) held on 30/11/2024 vide paper read (5) considered the matter and subsequently, the Chairperson forwarded the defect- rectified Syllabus of the first and second Semesters of the Malayalam Courses, for approval.

9.The Vice Chancellor, after considering the matter and in exercise of the powers of the Academic Council, conferred under the Section 11(1) Chapter III of Kannur University Act, 1996 and all other enabling provisions read together with, approved the modified Scheme and Syllabus of the Courses of First and Second Semester Malayalam courses (including AEC) in FYUGP pattern and accorded sanction to implement the same w.e.f. the 2024 admission in Affiliated Colleges under the University, subject to reporting to the Academic Council.

10.The modified Scheme & Syllabus of first and second Semester Malayalam courses in

FYUGP pattern in Affiliated Colleges under Kannur University, applicable w.e.f. 2024 admission is appended with this U.O. & uploaded in the University website.

Orders are issued accordingly.

*Sd/-*

**ANIL CHANDRAN R**

**DEPUTY REGISTRAR (ACADEMIC)**

For REGISTRAR

To: The Principals of Arts and Science Colleges affiliated to Kannur University

Copy To: 1. The Examination Branch (through PA to CE)

2. The Chairperson, Board of Studies in Malayalam (UG)
3. PS to VC/PA to R
4. EX CI/EG I/AR-I/AR-III/JR ( EXAM)
4. DR/AR (Academic)
5.IT Cell/Computer Programmer
6. SF/DF/FC

Forwarded / By Order

SECTION OFFICER

KANNUR UNIVERSITY CIVIL STATION P.O. KANNUR Pin-670 002 THAVAKKARA

KANNUR UNIVERSITY

**(Abstract)**

FYUGP- Malayalam - Scheme and Syllabus of Third to Eighth Semester Courses -Approved and Implemented in Affiliated colleges w.e.f.2024 admission - Orders Issued

**ACADEMIC C SECTION**

ACAD C/ACAD C5/21906/2024 Dated: 26.07.2025

Read:-1. U.O No. ACAD C/ACAD C5/21906/2024 dtd: 30.12.2024

2. Minutes of the meetings of the BoS in Malayalam (UG) held on 20.05.2025 and 23.05.2025

3. Remarks received from Dean, Faculty Language and Literature via E-mail dtd: 01/06/2025

4. Minutes of the meeting of all Deans of Faculties held on 04.06.2025

5. The Orders of the Vice Chancellor in file No. ACAD C/ACAD C3/2948/2025 dtd: 04.06.2025

**ORDER**

1.The Scheme and Syllabus of First and Second semester FYUG Malayalam Programme was approved and implemented in affiliated colleges w.e.f.2024 admission vide paper read (1) above

2. Subsequently, the Meetings of BoS in Malayalam (UG) held on 20.05.2025 and 23.05.2025, finalised the Syllabus of Third to Eighth semester courses of FYUG Malayalam Programme, and the Chairperson forwarded the same for approval and implementation w.e.f 2024 admission in affiliated colleges

3. The same was forwarded to Dean Faculty of Language and Literature, for obtaining the remarks, and vide paper read (3) above Dean recommended to approve the syllabus of FYUG Malayalam Programme.

4.The Vice Chancellor, after considering the recommendation of the Dean, Faculty of Language and Literature and in exercise the powers of the Academic Council, conferred under Section 11(1) Chapter III of Kannur University Act, 1996 and all other enabling provisions read together with, ***approved the Scheme and Syllabus of FYUG Malayalam programme ( Third to Eighth semesters) and accorded sanction to implement the same w.e.f. 2024 admission in Affiliated Colleges under the University, subject to reporting to the Academic Council.***

5. Scheme and Syllabus of Third to Eighth semester Malayalam programme under FYUGP, implemented in affiliated colleges of Kannur University, w.e.f. 2024 admission are appended with this U.O. & uploaded in the University website.

Orders are issued accordingly.

*Sd/-*

**Bindu K P G**

**DEPUTY REGISTRAR (ACADEMIC)**

For REGISTRAR

To: The Principals of Arts and Science Colleges affiliated to Kannur University

Copy To: 1. Controller of Examinations ( Through PA)

2. The Chairperson, Board of Studies in Malayalam (UG)

3. PS to VC/PA to R

4. EX CI/EG I/AR-I/AR-VII/JR II (EXAM)

5. DR/AR (Academic)

6. Web Manager/Computer Programmer

7. SF/DF/FC

KANNUR UNIVERSITY CIVIL STATION P.O. KANNUR Pin-670 002 THAVAKKARA

Forwarded / By Order

SECTION OFFICER

KANNUR UNIVERSITY
UG MALAYALAM BOARD OF STUDIES

| SLNO. | NAME | DESIGNATION | COLLEGE/INSTITUTION |
|---|---|---|---|
| 1 | Sona P.(Chairperson) | Assistant Professor | Department of Malayalam , Payyanur College ,Payyanur |
| 2 | Dr.Deepamol Mathew | Assistant Professor | Department of Malayalam , Nirmalagiri College , Kuthuparamba |
| 3 | Dr.Rameshan K | Assistant Professor | Department of Malayalam , Govt.College , Mananthavady , wayanad |
| 4 | Dr.Shanoj M. P. | Assistant Professor | Department of Malayalam , Sree Narayana College , Kannur |
| 5 | Sreelatha E. | Assistant Professor | Department of Malayalam, Sree Narayana College , Kannur |
| 6 | Dr.Ajitha Chemban | Associate Professor | Department of Malayalam,Govt.Brennen College , Thalasseri |
| 7 | Dr.Sinumal Thomas | Associate Professor | Department of Malayalam ,NMSM Govt,College ,Wayanad |
| 8 | Dr.Joseph K Job | Associate Professor | Principal,MSSCollege of Arts&Science Tharuvana , wayanad |
| 9 | Dr.Sheeja Naroth | Associate Professor | Department of Malayalam,M G College Iritty , Kannur |
| 10 | Prof.Shaji Jacob | Professor | Department of Malayalam,Sree Sankaracharya University , Kalady |
| 11 | Dr.Reeja V.(Chairperson,PG) | Professor | Department of Malayalam,Dr.P K Rajan Memorial Campus , Nileswaram |

# FYUGP MALAYALAM
# PROGRAMME SPECIFIC OUTCOMES (PSOs)

PSO 1– മാതൃഭാഷയോടും സംസ്കാരത്തോടുമുള്ള അഭിരുചി വികസിപ്പിക്കുന്ന രീതിയിൽ സാഹിത്യ പഠനത്തെ പ്രയോജനപ്പെടുത്തുന്നു.

PSO 2–മലയാളത്തിലെ വിവിധ സാഹിത്യജനുസ്സുകളെ ആസ്വദിക്കുകയും അവയുടെ ചരിത്രപരമായ വികാസപരിണാമത്തെ തിരിച്ചറിയുകയും ചെയ്യുന്നു.

PSO 3 – സൈദ്ധാന്തികവും ലാവണ്യാത്മകവുമായ ജ്ഞാനമേഖലകളെ പരിചയപ്പെടുകയും സാഹിത്യാസ്വാദനത്തിനും വിമർശനാത്മക വിശകലനത്തിനും പ്രയോജനപ്പെടുത്തുകയും ചെയ്യുന്നു. സർഗാത്മകരചന നടത്താനുള്ള പ്രേരണ രൂപപ്പെടുന്നു.

PSO 4–വ്യത്യസ്ത കലകളുടെയും സിനിമ തുടങ്ങിയ മാധ്യമങ്ങളുടെയും സാംസ്കാരിക സവിശേഷതകൾ മനസ്സിലാക്കുകയും അവ ആസ്വദിക്കാനുള്ള ശേഷി കൈവരിക്കുകയും ചെയ്യുന്നു.

PSO 5– വ്യാകരണപരവും ഭാഷാശാസ്ത്രപരവുമായ അവബോധം രൂപപ്പെടുത്തുകയും പ്രയോഗപരവും ആശയവിനിമയപരവുമായ കഴിവുകൾ വികസിപ്പിക്കുകയും ചെയ്യുന്നു.

PSO 6 – വിവരസാങ്കേതികവിദ്യയും മാധ്യമങ്ങളും മലയാളഭാഷയും തമ്മിലുള്ള വിനിമയ സാധ്യതകൾ പഠിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്നു.

PSO 7–വടക്കേ മലബാറിൻ്റെ സാംസ്കാരികസവിശേഷതകളെ അടുത്തറിയാനും സവിശേഷമായി പഠിക്കാനും പൂർവ്വ ധാരണകളെ പുനർനിർമ്മിക്കുവാനുമുള്ള ശേഷി നേടുന്നു.

PSO8–കേരളചരിത്രം, സംസ്കാരം, നാടോടി വിജ്ഞാനം, ലിംഗപദവി ,പരിസ്ഥിതി സൗന്ദര്യശാസ്ത്രം എന്നിവയിൽ സവിശേഷ ജ്ഞാനം ആർജിക്കുന്നു. വ്യത്യസ്ത സംസ്കൃതികളെയും സാഹിത്യ സമീപനങ്ങളെയും മൂല്യങ്ങളെയും തിരിച്ചറിയുന്നതിലൂടെ ജനാധിപത്യബോധമുള്ള പൗരന്മാരായിത്തീരുന്നു.

PSO 9 – സംസ്കാരപഠനത്തിൻ്റെ രീതിശാസ്ത്രത്തെ ഉപയോഗപ്പെടുത്തി സാഹിത്യ പഠനം നിർവ്വഹിക്കുകയും ഗവേഷണാഭിരുചി രൂപപ്പെടുത്തുകയും ചെയ്യുന്നു.

PSO 10 – കേരളത്തിലെ അരികുവൽകൃതസ്വത്വങ്ങളെ തിരിച്ചറിയുകയും പ്രത്യയശാസ്ത്ര വിശകലനം നടത്തുകയും ചെയ്യുന്നു. സാമൂഹ്യ പ്രതിബദ്ധതയുള്ള വീക്ഷണം രൂപപ്പെടുന്നു.

FOUR-YEAR UNDERGRADUATE PROGRAMME IN MALAYALAM

DETAILS OF COURSES OFFERED

LIST OF DISCIPLINE-SPECIFIC COURSES (DSC)

| SEMESTER | COURSE CODE | COURSE NAME | MARKS | | | CREDITS | HOURS/ WEEK |
|---|---|---|---|---|---|---|---|
| | | | CA | ESE | TOTAL | | |
| I | KU1DSCMAL101 | കഥയും കഥാവായനകളും | 25T+10P | 50T+15P | 100 | 4 | 5 |
| | KU1DSCMAL102 | പ്രായോഗികമലയാളം | 25T+10P | 50T+15P | 100 | 4 | 5 |
| | KU1DSCMAL103 | ഇന്ത്യൻ ഇതരഭാഷാസാഹിത്യപരിചയം | 25T+10P | 50T+15P | 100 | 4 | 5 |
| | KU1DSCMAL104 | സ്ത്രീ-അനുഭവമെഴുത്ത് | 25T+10P | 50T+15P | 100 | 4 | 5 |
| II | KU2DSCMAL105 | കവിതയും കവിതാവായനയും | 25T+10P | 50T+15P | 100 | 4 | 5 |
| | KU2DSCMAL106 | ഇന്ത്യൻ സാഹിത്യപരിചയം | 25T+10P | 50T+15P | 100 | 4 | 5 |
| | KU2DSCMAL107 | സ്ത്രീ-യാത്രയെഴുത്ത് | 25T+10P | 50T+15P | 100 | 4 | 5 |
| | KU2DSCMAL108 | പ്രവാസവും സാഹിത്യവും | 25T+10P | 50T+15P | 100 | 4 | 5 |
| III | KU3DSCMAL 201 | നോവലും നോവൽവായനകളും | 30 | 70 | 100 | 4 | 4 |
| | KU3DSCMAL202 | ചലച്ചിത്രപഠനം | 25T+10P | 50T+15P | 100 | 4 | 5 |
| | KU3DSCMAL203 | ജനപ്രിയനോവൽ മലയാളത്തിൽ | 25T+10P | 50T+15P | 100 | 4 | 5 |
| | KU3DSCMAL204 | മലയാളചലച്ചിത്രഗാനപഠനം | 25T+10P | 50T+15P | 100 | 4 | 5 |
| | KU3DSCMAL205 | ദളിത് ആത്മകഥ / ജീവിതാവിഷ്ക്കാരങ്ങൾ | 25T+10P | 50T+15P | 100 | 4 | 5 |
| IV | KU4DSCMAL206 | മലയാളനിരൂപണം | 25T+10P | 50T+15P | 100 | 4 | 5 |
| | KU4DSCMAL207 | ജനസംസ്കാരപഠനം | 25T+10P | 50T+15P | 100 | 4 | 5 |
| | KU4DSCMAL208 | ജീവിതമെഴുത്തും അനുഭവാവിഷ്ക്കാരങ്ങളും | 25T+10P | 50T+15P | 100 | 4 | 5 |
| V | KU5DSCMAL301 | വ്യാകരണപഠനം | 30 | 70 | 100 | 4 | 4 |
| | KU5DSCMAL302 | കേരളസംസ്കാരം | 30 | 70 | 100 | 4 | 4 |
| | KU5DSCMAL303 | ഭാഷയും സാങ്കേതികവിദ്യയും | 25T+10P | 50T+15P | 100 | 4 | 5 |
| | KU5DSEMAL301 | Eminent Writer-വൈലോപ്പിള്ളി | 30 | 70 | 100 | 4 | 4 |
| | KU5DSEMAL302 | Eminent Writer-വൈക്കം മുഹമ്മദ് ബഷീർ | 30 | 70 | 100 | 4 | 4 |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | KU5DSEMAL303 | Eminent Writer- മാധവിക്കുട്ടി | 30 | 70 | 100 | 4 | 4 |
| | KU5DSEMAL304 | പാഠവും പഠനവും- നളചരിതം | 30 | 70 | 100 | 4 | 4 |
| | KU5DSEMAL305 | പാഠവും പഠനവും- ഇന്ദുലേഖ | 30 | 70 | 100 | 4 | 4 |
| | KU5DSEMAL306 | പാഠവും പഠനവും- ചിന്താവിഷ്ടയായ സീത | 30 | 70 | 100 | 4 | 4 |
| VI | KU6DSCMAL304 | ലിംഗപദവീപഠനങ്ങൾ | 30 | 70 | 100 | 4 | 4 |
| | KU6DSCMAL305 | മാധ്യമപഠനം | 25T+10P | 50T+15P | 100 | 4 | 5 |
| | KU6DSCMAL306 | ഭാഷാശാസ്ത്രം | 30 | 70 | 100 | 4 | 4 |
| | KU6DSEMAL307 | ക്ലാസിക്കൽ-ഫോക് രംഗകലകൾ | 30 | 70 | 100 | 4 | 4 |
| | KU6DSEMAL308 | നാടകം-അരങ്ങും പൊരുളും | 30 | 70 | 100 | 4 | 4 |
| | KU6DSEMAL309 | യാത്രയെഴുത്ത് | 30 | 70 | 100 | 4 | 4 |
| | KU6DSEMAL310 | പരിസ്ഥിതി-സാഹിത്യവും സൗന്ദര്യശാസ്ത്രവും | 30 | 70 | 100 | 4 | 4 |
| | KU6DSEMAL311 | ദളിത് സാഹിത്യവും സൗന്ദര്യശാസ്ത്രവും | 30 | 70 | 100 | 4 | 4 |
| | KU6DSEMAL312 | സ്ത്രീവാദം-സാഹിത്യവും സമീപനങ്ങളും | 30 | 70 | 100 | 4 | 4 |
| VII | KU7DSCMAL401 | അക്കാദമികരചന | 25T+10P | 50T+15P | 100 | 4 | 5 |
| | KU7DSCMAL402 | സാഹിത്യചരിത്രവിജ്ഞാനീയം | 25T+10P | 50T+15P | 100 | 4 | 5 |
| | KU7DSCMAL403 | ഇന്ത്യൻസാഹിത്യസമീപനങ്ങൾ | 25T+10P | 50T+15P | 100 | 4 | 5 |
| | KU7DSCMAL404 | പ്രാചീന മദ്ധ്യകാലസാഹിത്യം | 25T+10P | 50T+15P | 100 | 4 | 5 |
| | KU7DSCMAL405 | ചലച്ചിത്ര അനുകല്പനം | 25T+10P | 50T+15P | 100 | 4 | 5 |
| VIII | KU8DSCMAL406 | ഇന്ത്യൻ ഇതരസാഹിത്യസമീപനങ്ങൾ | 30 | 70 | 100 | 4 | 4 |
| | KU8DSCMAL407 | വിവർത്തനപഠനം | 25T+10P | 50T+15P | 100 | 4 | 5 |
| | KU8DSCMAL408 | സാംസ്കാരികപഠനങ്ങൾ | 30 | 70 | 100 | 4 | 4 |
| | KU8DSEMAL401 | ജനപ്രിയസാഹിത്യം | 30 | 70 | 100 | 4 | 4 |
| | KU8DSEMAL402 | ആധുനികതാവാദസാഹിത്യം മലയാളത്തിൽ | 30 | 70 | 100 | 4 | 4 |
| | KU8DSEMAL403 | ആധുനികാനന്തര സങ്കല്പനങ്ങൾ | 30 | 70 | 100 | 4 | 4 |
| | KU8DSEMAL404 | മലയാളപത്രചരിത്രം | 30 | 70 | 100 | 4 | 4 |
| | KU8DSEMAL405 | പുസ്തകത്തിന്റെ സാംസ്കാരികചരിത്രം | 30 | 70 | 100 | 4 | 4 |
| | KU8DSEMAL406 | Research Project | | | | 12 | |

# LISTS OF AEC/ MDC/ VAC/ SEC

| SEMESTER | COURSE CODE | COURSE NAME | MARKS | | | CREDITS | HOURS/ WEEK |
|---|---|---|---|---|---|---|---|
| | | | CA | ESE | TOTAL | | |
| ABILITY ENHANCEMENT COURSES | | | | | | | |
| I | KU1AECMAL101 | രചനയും സാഹിത്യപഠനവും | 15T+10P | 35T+15P | 75 | 3 | 4 |
| | KU1AECMAL102 | ഭാഷാ–സാഹിത്യപരിചയം | 15T+10P | 35T+15P | 75 | 3 | 4 |
| | KU1AECMAL103 | സാഹിത്യവും രചനയും | 15T+10P | 35T+15P | 75 | 3 | 4 |
| II | KU2AECMAL104 | ദൃശ്യകലാസാഹിത്യം | 15T+10P | 35T+15P | 75 | 3 | 4 |
| | KU2AECMAL105 | ആഖ്യാനവും ആവിഷ്കാരവും | 15T+10P | 35T+15P | 75 | 3 | 4 |
| | KU2AECMAL106 | ഭാഷാസാഹിത്യവ്യവഹാരങ്ങൾ | 15T+10P | 35T+15P | 75 | 3 | 4 |
| MULTIDISCIPLINARY COURSES | | | | | | | |
| 1 | KU1MDCMAL101 | നവമാധ്യമസംസ്കാരം | 25 | 50 | 75 | 3 | 3 |
| II | KU2MDCMAL102 | ചലച്ചിത്ര ആസ്വാദനം | 25 | 50 | 75 | 3 | 3 |
| III | KU3MDCMAL103 | കേരളീയാധുനികത | 25 | 50 | 75 | 3 | 3 |
| | KU3MDCMAL104 | നവോത്ഥാനവും ദേശസംസ്കൃതിയും | 25 | 50 | 75 | 3 | 3 |
| | KU3MDCMAL105 | ലിംഗപദവിയുടെ കേരളീയപരിസരം | 25 | 50 | 75 | 3 | 3 |
| VALUE ADDED COURSES | | | | | | | |
| III | KU3VACMAL101 | മലബാർ–സമൂഹവും നവോത്ഥാനവും | 25 | 50 | 75 | 3 | 3 |
| IV | KU4VACMAL102 | പരിസ്ഥിതിപഠനങ്ങൾ | 25 | 50 | 75 | 3 | 3 |
| | KU4VACMAL103 | ജനസംസ്കാരപഠനം–തെയ്യം | 25 | 50 | 75 | 3 | 3 |
| SKILL ENHANCEMENT COURSES | | | | | | | |
| IV | KU4SECMAL101 | പ്രഭാഷണകലയും അവതരണനൈപുണിയും | 15T+10P | 35T+15P | 75 | 3 | 4 |
| | KU4SECMAL102 | പ്രകടനകലാപഠനം–നൃത്തം | 15T+10P | 35T+15P | 75 | 3 | 4 |
| | KU4SECMAL103 | സർഗാത്മകരചന | 15T+10P | 35T+15P | 75 | 3 | 4 |
| V | KU5SECMAL104 | മാധ്യമം–ഉള്ളടക്കനിർമ്മിതി | 15T+10P | 35T+15P | 75 | 3 | 4 |
| | KU5SECMAL105 | പ്രക്ഷേപണകലയും സംസ്കാരവും | 15T+10P | 35T+15P | 75 | 3 | 4 |
| VI | KU6SECMAL106 | ഭാഷാകമ്പ്യൂട്ടിങ് | 15T+10P | 35T+15P | 75 | 3 | 4 |

## KU1DSCMAL101: കഥയും കഥാവായനകളും

| Semester | Course Type | Course Level | Course Code | Credits | Total Hours |
|---|---|---|---|---|---|
| 1 | DSC | 100-199 | KU1DSCMAL101 | 4 | 75 |

| Learning Approach (Hours/ Week) | | | Marks Distribution | | | Duration of ESE (Hours) |
|---|---|---|---|---|---|---|
| Lecture | Practical/ Internship | Tutorial | CE | ESE | Total | |
| 3 | 2 | | 25T+10P | 50T+15 P | 100 | 1.5 |

Course Description: ഒന്നാം സെമസ്റ്റർ ബി എ മലയാളം വിദ്യാർത്ഥികൾക്കുള്ള മേജർ കോഴ്സാണ് 'കഥയും കഥാവായനയും'. വിവിധ കാലഘട്ടങ്ങളിൽ മലയാളത്തിലുണ്ടായ ചെറുകഥകൾ പരിചയപ്പെടുക, കഥകളുടെ സാമൂഹികവും സാംസ്കാരികവുമായ പ്രാധാന്യം തിരിച്ചറിയുക, കഥാ വിശകലനത്തിലൂടെ നിരൂപണം എഴുതാനുള്ള ശേഷി കൈവരിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഈ കോഴ്സ് രൂപകല്പന ചെയ്തിട്ടുള്ളത്.
ചെറുകഥാമാതൃകകളും ചെറുകഥാപഠനങ്ങളുമാണ് ഈ കോഴ്സിൻ്റെ ഉള്ളടക്കം. കഥാ വായനകളുടെ രീതികൾ മനസിലാക്കാനും മലയാള ചെറുകഥയുടെ വളർച്ച മനസിലാക്കാനും ഉതകുന്ന പഠനങ്ങളാണ് ഓരോ മൊഡ്യൂളിലും ഉൾപ്പെടുത്തിയിരിക്കുന്നത്. വിദ്യാർത്ഥികൾ അവശ്യം വായിച്ചിരിക്കേണ്ടതും പഠന പ്രവർത്തനങ്ങൾക്ക് സ്വീകരിക്കാവുന്നതുമായ പഠനങ്ങളും ലേഖനങ്ങളുമാണ് അധിക വായനയ്ക്ക് നൽകിയിരിക്കുന്നത്

Course Prerequisite: NIL

Course Outcomes:

| CO No. | Expected Outcome | Learning Domains |
|---|---|---|
| 1 | മലയാള ചെറുകഥ സാഹിത്യം മനസിലാക്കുന്നു. | U |
| 2 | ചെറുകഥ ആസ്വദിക്കുന്നു. | U,An |
| 3 | ചെറുകഥ അപഗ്രഥന രീതികൾ മനസ്സിലാക്കുന്നു | U,An,E |
| 4 | ചെറുകഥയുടെ സാംസ്കാരിക പ്രാധാന്യം തിരിച്ചറിയുന്നു. | U,An,A |
| 5 | ചെറുകഥയുടെ സാംസ്കാരിക വിശകലന പഠനങ്ങൾ രൂപപ്പെടുത്തുന്നു | A,An,C |

**Remember (R), Understand (U), Apply (A), Analyse (An), Evaluate (E), Create (C)*

Mapping of Course Outcomes to PSOs

| | PSO 1 | PSO 2 | PSO 3 | PSO 4 | PSO 5 | PSO 6 | PSO 7 | PSO8 | PSO9 | PSO10 |
|---|---|---|---|---|---|---|---|---|---|---|
| CO 1 | * | * | | | | | | | | |
| CO 2 | | * | * | | | | | | | |
| CO 3 | | | * | | | | | | | |
| CO 4 | | | * | | | | | * | | * |
| CO 5 | | | * | | | | | * | * | |

COURSE CONTENTS

Contents for Classroom Transaction:

| MODULE | UNIT | DESCRIPTION | HOURS |
|---|---|---|---|
| 1 | MODULE TITLE മലയാള ചെറുകഥ: | | 15 |
| | 1 | a) കഥ -- കഥ പറച്ചിൽ – കഥാസങ്കേതം –ചെറുകഥ എന്ന സാഹിത്യഗണം –കഥയുടെ ഘടന – ഇതിവൃത്തം – കഥാപാത്രം – ആഖ്യാനം. എന്നിവയെ കുറിച്ചുള്ള സാമാന്യ ധാരണയും ചർച്ചയും | |
| | | b) ആദ്യകാല മലയാള ചെറുകഥകൾ –സവിശേഷതകൾ –ചർച്ച | |
| | 2 | ആദ്യകാല സ്ത്രീകഥകൾ – പ്രമേയം –ഘടന– സാമാന്യ വിശകലനം–ചർച്ച | |
| | 3 | a) പൊട്ട ബ്ഭാഗ്യം – കേസരി | |
| | | b) തലച്ചോറില്ലാത്ത സ്ത്രീകൾ–എം. സരസ്വതീഭായി | |
| | 4 | പഠനം : | |
| | | a) ആദ്യകാല കഥകൾ –ആമുഖം – കെ. എസ്. രവികുമാർ | |

| | | | |
|---|---|---|---|
| 2 | MODULE TITLE നവോത്ഥാന കഥകൾ | | 15 |
| | 1 | കഥയും സമൂഹവും – കഥയും യാഥാർത്ഥ്യവും. – നവോത്ഥാന കാഥികർ – റിയലിസ്റ്റ് സങ്കേതം – കഥയും – വ്യക്തിയും –പ്രമേയം–നവീന കഥകൾ– ചർച്ചയും സംവാദവും | |
| | 2 | ഒരു മനുഷ്യൻ– ബഷീർ | |
| | 3 | ഒരുക്കത്തിൻ്റെ ഒടുവിൽ– കെ. സരസ്വതിയമ്മ | |
| | 4 | ഒരു വിവാഹത്തിൻ്റെ അന്ത്യം– മാധവിക്കുട്ടി | |

| | | | |
|---|---|---|---|
| | 5 | –മലയാള കഥയുടെ സഞ്ചാരം. (കഥ ആഖ്യാനവും അനുഭവ സത്തയും) – കെ.പി.അപ്പൻ | |

| | | | |
|---|---|---|---|
| 3 | MODULE TITLE കഥയിലെ ആധുനികത | | 15 |
| | 1 | ആധുനികത – കഥാ സങ്കേതം –ഭാവുകത്വ പരിണാമം – ചർച്ച | |
| | 2 | a) ഫോട്ടോ –എം.മുകുന്ദൻ | |
| | | b) മരത്തിൽ കേട്ടത്– എൻ.പ്രഭാകരൻ | |
| | | c) കടൽ കാണാൻ– സാറാജോസഫ് | |
| | 3 | പഠനം – അത്യന്താധുനികർ (ചെറുകഥ ഇന്നലെ ഇന്ന്) – എം.അച്യുതൻ | |

| | | | |
|---|---|---|---|
| 4 | MODULE TITLE പുതു കഥയും ഭാവുകത്വവും | | 15 |
| | 1 | നാരകങ്ങളുടെ ഉപമ – ഇ. സന്തോഷ് കുമാർ | |
| | 2 | a) മാവോയിസ്റ്റ്– എസ്.ഹരീഷ് | |
| | | b) സതി– യമ | |
| | 3 | പഠനം: | |
| | | a) ചെറുകഥയുടെ വർത്തമാന സന്ദർഭം(ഏകാന്ത നഗരങ്ങൾ)– പി.കെ.രാജശേഖരൻ | |

| | | |
|---|---|---|
| 5 | Teacher Specific Module | 15 |
| | *Directions1)* തകഴി, കേശവദേവ്, എസ്.കെ.പൊറ്റക്കാട് , എം.ടി. വാസുദേവൻ നായർ തുടങ്ങിയ കഥാകൃത്തുക്കളുടെ ഏതെങ്കിലും ഒരു കഥാസമാഹാരത്തിൻ്റവായനാക്കുറിപ്പ് തയ്യാറാക്കുക (ബുക്ക് റിവ്യൂ )<br>*2)* കഥാമാതൃകകളിൽ നിർദ്ദേശിച്ചിരിക്കുന്ന കഥകൾക്ക് മറ്റൊരു ആവിഷ്കാര രൂപം തയ്യാറാക്കുക. (നാടകം,തിരക്കഥ, ചിത്ര ലേഖനം ....)<br>*3) 2000* നു ശേഷം മലയാളത്തിലുണ്ടായിട്ടുള്ള പെൺകഥകളെ കുറിച്ച് ചർച്ച നടത്തുക.<br>*4)* ഇഷ്ടപ്പെട്ട ഒരു കഥ വിശകലനം ചെയ്ത് ഒരു നിരൂപണം – ഒറ്റക്കഥാ പഠനം (കഥ – മാതൃകയിൽ നിർദ്ദേശിച്ചിരിക്കുന്ന കഥകൾക്ക് പുറത്തുള്ളത് ) തയ്യാറാക്കുക<br>*5)* അധിക വായനയ്ക്ക് നൽകിയ പുസ്തകങ്ങളുടെ റിവ്യൂ തയ്യാറാക്കുക. | |

Essential Readings:

1) ജെ. ദേവിക – മലയാള സാഹിത്യത്തിലെ തായ്കുലം. (മോഡ്യൂൾ 3)

2 )വി.രാജകൃഷ്ണൻ – ചെറുകഥയുടെ ഛന്ദസ്സ്(മോഡ്യൂൾ 3)

3) വത്സലൻ വാതുശ്ശേരി – കഥയുടെ ന്യൂക്ലിയസ്(മോഡ്യൂൾ 3)

4) കെ.എസ്. രവികുമാർ – ചെറുകഥ വാക്കും വഴിയും (മോഡ്യൂൾ 3)

5) എം.ടി. വാസുദേവൻ നായർ – കാഥികൻ്റെ പണിപ്പുര (മോഡ്യൂൾ 3)

6) എൻ.എസ്.മാധവൻ – നാലാം ലോകം(മോഡ്യൂൾ 3)

7) സക്കറിയ – കണ്ണാടികൾ കാണ്മോളവും

8) കെ.ആർ മീര – മോഹമഞ്ഞ

9 )ഗ്രേസി – നരകവാതിൽ

10) ചന്ദ്രമതി – ദൈവം സ്വർഗ്ഗത്തിൽ

11 ) വിനോയ് തോമസ് –രാമച്ചി

12) കെ.വി. പ്രവീൺ – ഓർമ്മച്ചിപ്പ്

13) ഫ്രാൻസിസ് നൊറോണ – തൊട്ടപ്പൻ

14)എം.എം. ബഷീർ – ആദ്യകാല കഥകളും ആദ്യ നിരൂപണവും(മോഡ്യൂൾ 1)

Suggested Readings:

1 എം. പി. പോൾ – ചെറുകഥാപ്രസ്ഥാനം

2 എം.അച്ചുതൻ – ചെറുകഥ ഇന്നലെ ഇന്ന്, കറൻ്റ് ബുക്സ്

3 വി.രാജകൃഷ്ണൻ – ചെറുകഥയുടെ ഛന്ദസ്സ് ഡി സി ബുക്സ് 1999

4 – കെ.പി.അപ്പൻ – കഥ അഖ്യാനവും അനുഭവ സത്തയും,ഡി സി ബുക്സ് 1999

5 കെ.എസ്. രവികുമാർ – ചെറുകഥ വാക്കും വഴിയും, കറൻ്റ് ബുക്സ് 1999

6എം.എം.ബഷീർ (സമ്പാ)ആദ്യകാലസ്ത്രീകഥകൾ, ലിപിപബ്ലിക്കേഷൻസ് 2004

7) പി. കെ. രാജശേഖരൻ കഥാന്തരങ്ങൾ മലയാള ചെറുകഥയുടെ ആഖ്യാന ഭൂപടം,ഡിസി ബുക്സ് 2017

8 വി. രാജകൃഷ്ണൻ – ചെറുകഥയുടെ രാഗതാളങ്ങൾ ഗ്രീൻ ബു ക്സ് 2019

9). ഇ.പി. രാജഗോപാലൻ, ഉൾക്കഥ മാതൃഭൂമി 2021

10) ഇ.പി. രാജഗോപാലൻ, നിശ്ശബ്ദത യും നിർമ്മാണവും ചെറുകഥയുടെ കേരളചരിത്ര ത്തിലൂടെ , കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 2006

11) എസ്. ശാരദക്കുട്ടി, പെൺ വിനിമയങ്ങൾ , ഡിസി ബ്ബുക്സ് 2007

12എം.എസിദ്ദീഖ് ആഗോളീകരണവും മലയാള ചെറുകഥയും കേരളസർവ്വകലാശാല 2010

13)എഡി. ഡോ. ഷീബദിവാകരൻ ,പുതിയ കഥ പുതിയ വായന , ആത്മബ്ബുക്സ് കോഴി ക്കോട്– 2021

14)രാഹുൽരാധാകൃഷ്ണൻ,ഉയിർഭൂപടങ്ങൾ ഡിസിബ്ബുക്സ്2022

15) അജിത ചേമ്പൻ, എഡി:തെന്നിന്ത്യൻ കഥസാംസ്കാരിക വായനകൾ, കൈരളി ബുക്സ്2017

16 ജി. ഉഷാകുമാരി , കഥയും കാമനയും , ലോഗോസ് ബുക്സ് 201818) ജി. ഉഷാകുമാരി, ഉടൽ ഒരു നെയ്ത്ത്, സാഹിത്യപ്രവർത്തക സഹകരണ സംഘം 2013
17 എഡി. രാജു കാട്ടുപുനം, ടി. കെ അനിൽ കുമാർ , കഥയുടെ വർത്തമാനം ജി.വി. ബുക്സ് 2 019
18 ) ഡോ.അജിതൻ മേനോത്ത്,മലയാള ചെറുകഥ 21ാം നൂറ്റാണ്ടിൽ ,കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് 20
19)ഡോ.റീജ വി,കഥയുടെ ബഹുസ്വരത,ഗ്രീൻ ബുക്സ് 2014
20)ഡോ. ലിജ അരവിന്ദ് ,കഥാതീതം
21) തുടി റിസർച്ച് ജേണൽ , കണ്ണൂർ സർവകലാശാല മലയാള വിഭാഗം 201 9 ജൂലൈ – സെപ്തംബർ
22) മലയാളം റിസർച്ച് ജേണൽ

Assessment Rubrics: തിയറിയുടെ ആഭ്യന്തരമൂല്യനിർണയത്തിനുള്ള 25 മാർക്കിൽ 10 മാർക്ക് നിർബന്ധമായും പരീക്ഷ നടത്തി നൽകേണ്ടതാണ്.10 മാർക്ക് സെമിനാറിനും 5 മാർക്ക് അസൈൻമെന്റിനും നൽകണം. ESE പ്രാക്ടിക്കത്തിനുള്ള 15 മാർക്ക് പരീക്ഷ നടത്തിയോ,പ്രൊജക്റ്റ് വർക്കിനോ, വൈവ നടത്തിയോ നൽകണം. CE പ്രാക്ടിക്കത്തിനുള്ള 10 മാർക്ക് കോഴ്സിന്റെ സ്വഭാവമനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന വിവിധ ഘടകങ്ങളോ കോഴ്സ് പഠിപ്പിക്കുന്ന അദ്ധ്യാപകർ നല്കുന്ന പഠനപ്രവർത്തനങ്ങളോ മാനദണ്ഡങ്ങളായി പരിഗണിച്ച് നൽകാവുന്നതാണ്.

| Evaluation Type | | Marks |
|---|---|---|
| End Semester Evaluation | | 50T+15P |
| Continuous Evaluation | | 25T+10P |
| a) | Test Paper- 1 | 10 T |
| b) | Test Paper-2 | |
| c) | Assignment | 5 T |
| d) | Seminar | 10 T |
| e) | Book/ Article Review | |
| f) | Viva-Voce | |
| g) | Field Report | |
| Total | | 100 |

## KU1DSCMAL102: പ്രായോഗികമലയാളം

| Semester | Course Type | Course Level | Course Code | Credits | Total Hours |
|---|---|---|---|---|---|
| 1 | DSC | 100-199 | KU1DSCMAL102 | 4 | 75 |

| Learning Approach (Hours/ Week) | | | Marks Distribution | | | Duration of ESE (Hours) |
|---|---|---|---|---|---|---|
| Lecture | Practical/ Internship | Tutorial | CE | ESE | Total | |
| 3 | 2 | | 25T+10P | 50T+15 P | 100 | 1.5 |

Course Description: ഭാഷയുമായി ബന്ധപ്പെട്ട അടിസ്ഥാന വസ്തുതകളിൽ വിദ്യാർത്ഥികൾക്ക് ധാരണയുണ്ടാക്കുകയും മലയാളഭാഷയുടെ പ്രയോഗത്തിൽ നൈപുണി വർദ്ധിപ്പിക്കുകയും ചെയ്യുക എന്നിവയാണ് ഈ കോഴ്സിൻ്റെ ഉദ്ദേശ്യം. സിവിൽ സർവീസ് പരീക്ഷകളിൽ ഭാവിയിൽ മലയാളം ഐച്ഛികവിഷയമായി തെരഞ്ഞെടുക്കാൻ താൽപര്യപ്പെടുന്ന വിദ്യാർത്ഥികൾക്ക് ഉപയോഗപ്പെടുകയെന്നതും ഇതിൻ്റെ ലക്ഷ്യമായിരിക്കും. മറ്റു വിഷയങ്ങളിലുള്ള വിദ്യാർത്ഥികൾക്ക് മലയാള ഭാഷാപഠനത്തിന് സഹായകമായ ഫൗണ്ടേഷൻ കോഴ്സ് കൂടിയായി ഇത് പ്രയോജനപ്പെടുന്നു. പ്രായോഗികപരിശീലനത്തിന് ഊന്നൽ കൊടുത്തു കൊണ്ടാണ് ഓരോ മോഡ്യൂളും വിഭാവനം ചെയ്തിരിക്കുന്നത്

Course Prerequisite: NIL

Course Outcomes:

| CO No. | Expected Outcome | Learning Domains |
|---|---|---|
| 1 | മലയാളഭാഷ സുഗമമായി കൈകാര്യം ചെയ്യാൻ സാധിക്കുന്നു | R,A |
| 2 | മലയാളഭാഷാ പ്രയോഗവുമായി ബന്ധപ്പെട്ട അടിസ്ഥാന വസ്തുതകൾ മനസ്സിലാക്കുന്നു | U,R |
| 3 | ഭാഷാപ്രയോഗത്തിൻ്റെ വിവിധ സാധ്യതകൾ തിരിച്ചറിയുന്നു | U,AN,E |
| 4 | ഫലപ്രദമായ ആശയവിനിമയത്തിന് സാധിക്കുന്നു | An, A,C |
| 5 | ആശയങ്ങൾ ഗ്രഹിക്കുകയും പുനഃസൃഷ്ടിക്കുകയും ചെയ്യാൻ നൈപുണി നേടുന്നു. | A,AN,C |

**Remember (R), Understand (U), Apply (A), Analyse (An), Evaluate (E), Create (C)*

Mapping of Course Outcomes to PSOs

| | PSO 1 | PSO 2 | PSO 3 | PSO 4 | PSO 5 | PSO 6 | PSO 7 | PSO8 | PSO9 | PSO10 |
|---|---|---|---|---|---|---|---|---|---|---|
| CO 1 | * | | | | | | | | | |
| CO 2 | | | | | * | | | | | |
| CO 3 | * | | | | * | | | | | |
| CO 4 | | | * | | * | | | | | |
| CO 5 | | | * | | | | | | | |

COURSE CONTENTS

Contents for Classroom Transaction:

| MODULE | UNIT | DESCRIPTION | HOURS |
|---|---|---|---|
| 1 | MODULE TITLE-1 | | 15 |
| | 1 | മലയാളഭാഷ – അടിസ്ഥാനവസ്തുതകൾ | |
| | 2 | അക്ഷരവിഭാഗങ്ങൾ –സാമാന്യപരിചയം | |
| | 3 | വാക്യവിഭജനം, പ്രയോഗമാതൃകകൾ | |
| | 4 | ഖണ്ഡികകൾ ,രചനാപരിശീലനം | |

| | | | |
|---|---|---|---|
| 2 | MODULE TITLE-2 | | 15 |
| | 1 | വാക്യഘടനയും പ്രയോഗവും, പ്രൂഫ് റീഡിംഗ് | |
| | 2 | ചിഹ്നങ്ങളും ആശയവും. | |
| | 3 | അന്വാഖ്യാനം | |
| | 4 | ശൈലികളും പ്രയോഗങ്ങളും | |

| | | | |
|---|---|---|---|
| 3 | MODULE TITLE-3 | | 15 |
| | 1 | പരാവർത്തനം | |
| | 2 | a) ആശയസംഗ്രഹവും വിപുലനവും | |

| | | | |
|---|---|---|---|
| | | | |
| | | b) അവധാരണം | |
| | 3 | വ്യാഖ്യാനവും ആസ്വാദനവും | |

| | | | |
|---|---|---|---|
| 4 | MODULE TITLE-4 | | 15 |
| | 1 | വിവിധതരം കത്തുകൾ , നിവേദനങ്ങൾ | |
| | 2 | a) പ്രസംഗം, അഭിമുഖം | |
| | | b) കുറിപ്പുകൾ, പത്രക്കുറിപ്പുകൾ | |
| | 3 | a) ഉപന്യാസരചന. | |

| | | |
|---|---|---|
| 5 | Teacher Specific Module | 15 |
| | *Directions-1 ഏതെങ്കിലും ഒരു വിഷയത്തെ അടിസ്ഥാനമാക്കി പത്രവാർത്ത തയ്യാറാക്കുക.*<br>*2 ഒരു പ്രഭാഷണം കേട്ട് അതിലെ പ്രധാനാശയങ്ങൾ കുറിപ്പെടുക്കുക.*<br>*3. ഏതെങ്കിലും ഒരു പൊതുവിഷയത്തെ അടിസ്ഥാനമാക്കി ഉപന്യാസം തയ്യാറാക്കുക.*<br>*4 . ഏതെങ്കിലും ഒരു കൃതിയുടെ / സിനിമയുടെ ആസ്വാദനം തയ്യാറാക്കുക.*<br>*5 ഏതെങ്കിലും ഒരു രചന / സിനിമ/ പൊതു കാര്യങ്ങൾ എന്നിവയി ബന്ധപ്പെട്ട് അഭിമുഖം തയ്യാറാക്കുക.*<br><br>*ഈ കോഴ്സിൻ്റെ ആഭ്യന്തര മൂല്യനിർണ്ണയം പ്രായോഗികപരിശീലനത്തെ അടിസ്ഥാനമാക്കി നിർവഹിക്കാവുന്നതാണ്* | |

Assessment Rubrics: തിയറിയുടെ ആഭ്യന്തരമൂല്യനിർണയത്തിനുള്ള 25 മാർക്കിൽ 10 മാർക്ക് നിർബന്ധമായും പരീക്ഷ നടത്തി നൽകേണ്ടതാണ്.10 മാർക്ക് സെമിനാറിനും 5 മാർക്ക് അസൈൻമെൻ്റിനും നൽകണം. ESE പ്രാക്ടിക്കത്തിനുള്ള 15 മാർക്ക് പരീക്ഷ നടത്തിയോ,പ്രൊജക്റ്റ് വർക്കിനോ, വൈവ നടത്തിയോ നൽകണം. CE പ്രാക്ടിക്കത്തിനുള്ള 10 മാർക്ക് കോഴ്സിൻ്റെ സ്വഭാവമനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന വിവിധ ഘടകങ്ങളോ കോഴ്സ് പഠിപ്പിക്കുന്ന അദ്ധ്യാപകർ നല്കുന്ന പഠനപ്രവർത്തനങ്ങളോ മാനദണ്ഡങ്ങളായി പരിഗണിച്ച് നൽകാവുന്നതാണ്.

| Evaluation Type | | Marks |
|---|---|---|
| End Semester Evaluation | | 50T+15P |
| Continuous Evaluation | | 25T+10P |
| a) | Test Paper- 1 | 10T |
| b) | Test Paper-2 | |
| c) | Assignment | 5T |
| d) | Seminar | 10T |
| e) | Book/ Article Review | |

| | | |
|---|---|---|
| f) | Viva-Voce | |
| g) | Field Report | |
| Total | | 100 |

## KU1DSCMAL103 : ഇന്ത്യൻ ഇതരഭാഷാസാഹിത്യപരിചയം

| Semester | Course Type | Course Level | Course Code | Credits | Total Hours |
|---|---|---|---|---|---|
| 1 | DSC | 100-199 | KU1DSCMAL103 | 4 | 75 |

| Learning Approach (Hours/ Week) | | | Marks Distribution | | | Duration of ESE (Hours) |
|---|---|---|---|---|---|---|
| Lecture | Practical/ Internship | Tutorial | CE | ESE | Total | |
| 3 | 2 | | 25T+10P | 50T+15 P | 100 | 1.5 |

Course Description:

ഒന്നാം സെമസ്റ്റർ യുജി വിദ്യാർത്ഥികൾക്ക് മൈനർ കോഴ്സ് ആയി തെരഞ്ഞെടുക്കാൻ വേണ്ടി തയ്യാറാക്കിയതാണ് ഇന്ത്യൻ ഇതരഭാഷാ സാഹിത്യപരിചയം എന്ന ഈ കോഴ്സ്. ഇന്ത്യക്ക് പുറത്ത് വിവിധ ഭാഷകളിൽ രചിക്കപ്പെട്ട വിഖ്യാതങ്ങളായ രചനകളെ പരിചയപ്പെടാനും അതുവഴി അവരുടെ വായനയുടെയും സാമൂഹിക സാംസ്കാരിക വീക്ഷണങ്ങളുടെയും മേഖല വിപുലീകരിക്കാനും അവസരം നൽകും വിധമാണ് ഈ കോഴ്സ് രൂപകൽപ്പന ചെയ്തിരിക്കുന്നത്. വിവിധ ഭാഷകളിൽ നിന്നും വ്യത്യസ്തങ്ങളായ സാഹിത്യമേഖലകളിൽ ഉൾപ്പെട്ട പ്രശസ്തങ്ങളായ കൃതികൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. ആ കൃതികൾ പരിചയപ്പെടുന്നതിലൂടെ വിദ്യാർത്ഥികൾക്ക് ലോകസാഹിത്യത്തിലേക്ക് കടക്കാനുള്ള അവസരവും പ്രേരണയും ഒരുക്കുക എന്നതാണ് ഈ കോഴ്സിൻറെ ഉദ്ദേശ്യം.

Course Prerequisite: NIL

Course Outcomes:

| CO No. | Expected Outcome | Learning Domains |
|---|---|---|
| 1 | ഇന്ത്യൻ ഇതരഭാഷകളിലെ പ്രശസ്തങ്ങളായ കൃതികളെയും രചയിതാക്കളെയും പരിചയപ്പെടുന്നു | U,R |
| 2 | സാഹിത്യത്തിലും സംസ്കാരത്തിലും ലോകത്ത് നിലനിൽക്കുന്ന വൈവിധ്യങ്ങളെക്കുറിച്ച് മനസ്സിലാക്കുന്നു | A,An |
| 3 | കൃതികളെ വിമർശനാത്മകമായ വിലയിരുത്തുകയും വിശ്വമാനവികമായ കാഴ്ചപ്പാട് രൂപീകരിക്കുകയും ചെയ്യുന്നു | An,E |
| 4 | വായന വിപുലപ്പെടുകയും കൃതികളെ താരതമ്യം ചെയ്യുകയും ചെയ്യുന്നു | A,An,E |
| 5 | സർഗാത്മകരചനകളിൽ ഏർപ്പെടുന്നു | A,C |

**Remember (R), Understand (U), Apply (A), Analyse (An), Evaluate (E), Create (C)*

Mapping of Course Outcomes to PSOs

| | PSO 1 | PSO 2 | PSO 3 | PSO 4 | PSO 5 | PSO 6 | PSO 7 | PSO8 | PSO9 | PSO10 |
|---|---|---|---|---|---|---|---|---|---|---|
| CO 1 | * | * | | | | | | * | | * |
| CO 2 | | | * | | | | | | | |
| CO 3 | | | * | | | | | * | | * |
| CO 4 | | * | | | | | | | | |
| CO 5 | | | * | | | | | | | |

COURSE CONTENTS

Contents for Classroom Transaction:

| MODULE | UNIT | DESCRIPTION | HOURS |
|---|---|---|---|
| 1 | | MODULE TITLE : ഇതിഹാസങ്ങളും ഇതിഹാസതുല്യമായ ആഖ്യാനങ്ങളും | 15 |
| | 1 | ഇലിയഡ് – ഹോമർ | |
| | | a) അദ്ധ്യായം 1 – ഒരു സുന്ദര വദനത്തിനുവേണ്ടി ഒരായിരം പടക്കപ്പലുകൾ – വിവ: ജി കമലമ്മ | |
| | | b) അനുബന്ധമായി Troy – എന്ന സിനിമ പ്രദർശിപ്പിക്കാൻ നിർദ്ദേശിക്കുന്നു. സിനിമയുടെ ദൃശ്യപാഠം – പരീക്ഷയ്ക്ക് ചോദ്യങ്ങൾ ഉൾപ്പെടുത്താൻ പാടില്ല.<br>Troy – Film ( English) – സംവിധാനം – wolfganag Petersen , തിരക്കഥ– David Benioff | |
| | 2 | ആയിരത്തൊന്ന് അറേബ്യൻ രാവുകൾ | |
| | | a) 1,2 കഥകൾ – ഷഹരിയാർ രാജാവിൻറെ കഥ, കാളയും കർഷകനും – വിവ: എം പി സദാശിവൻ | |
| | 3 | വീനസും അഡോണിസും – ഷേക്സ്പിയർ | |
| | | a ) 1 മുതൽ 144 വരെയുള്ള വരികൾ വിവ : കെ അയ്യപ്പപ്പണിക്കർ | |

| | | | |
|---|---|---|---|
| 2 | | MODULE TITLE: വിസ്മയം തീർത്ത നോവലുകൾ | 15 |
| | 1 | പാവങ്ങൾ – വിക്ടർ യൂഗോ – അധ്യായം 2, പതനം – വിവ: വേണു വി ദേശം | |
| | 2 | അമ്മ – മാക്സിം ഗോർക്കി – അദ്ധ്യായം 1 – വിവ: കെ വി മണലിക്കര | |

| | | | |
|---|---|---|---|
| | 3 | കാട്ടുകടന്നൽ – ഏഥ്ൽ ലിലിയൻ വോയ്നിച്ച് – അധ്യായം 1 – വിവ: പി ഗോവിന്ദപ്പിള്ള | |
| | 4 | ഏകാന്തതയുടെ നൂറ് വർഷങ്ങൾ – ഗബ്രിയേൽ ഗാർസിയ മാർക്വിസ് – അദ്ധ്യായം 1 – വിവ : ഡോ എസ് വേലായുധൻ | |

| | | | |
|---|---|---|---|
| 3 | MODULE TITLE: കഥാപ്രപഞ്ചം | | 15 |
| | 1 | അവസാനത്തെ ഇല – ഒ ഹെൻറി – വിവ: ജി മോഹന കുമാരി | |
| | 2 | ബാലകഥകളും നാടോടിക്കഥകളും | |
| | | a) ഈസോപ്പ് കഥകൾ – രണ്ട് മാന്ത്രിക സഞ്ചികൾ,ചെന്നായയുടെ നീതി – വിവ: പ്രൊഫസർ എസ് ശിവദാസ് | |
| | | b) വാങ്ക – ആന്റൺ ചെക്കോവ് – വിവ: ഡോക്ടർ ശ്രീകുമാർ | |
| | | c) പഞ്ഞം – റഷ്യൻ നാടോടിക്കഥ – പരിഭാഷ : ഓമന ഗോപാലകൃഷ്ണൻ | |
| | 3 | സത്യസന്ധനായ കള്ളൻ – ദസ്തയോവ്സ്കി – വിവ: ടി.കെ പ്രേമലത | |

| | | | |
|---|---|---|---|
| 4 | MODULE TITLE: കവിത/ അനുഭവം/ ഭീകര കഥകൾ | | 15 |
| | 1 | പാബ്ലോ നെരൂദ | |
| | | a) ഏറ്റവും ദുഃഖഭരിതമായ വരികൾ – വിവ: ബാലചന്ദ്രൻ ചുള്ളിക്കാട് ( കവിതയും വിവർത്തകൻ്റെ അനുഭവക്കുറിപ്പും) | |
| | 2 | ഷുൺടാരോ താനികാവ– കവിയുടെ കല്ലറ – വിവ: പി പി രാമചന്ദ്രൻ | |
| | 3 | ആൻ ഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ – പേജ് 71 മുതൽ 75 വരെ –വിവ: പ്രമീളാദേവി | |
| | | a) ഡ്രാക്കുളയുടെ അതിഥി – ബ്രാം സ്റ്റോക്കർ – വിശ്വപ്രസിദ്ധ ഭീകര കഥകൾ – പൂർണ്ണ പബ്ലിഷേർസ് | |

| | | |
|---|---|---|
| 5 | Teacher Specific Module | 15 |
| | *Directions: 1. കോഴ്സിൽ പരിചയപ്പെട്ട നോവലുകൾ കണ്ടെത്തി പൂർണമായും വായിച്ച് വായനാക്കുറിപ്പ് തയ്യാറാക്കൽ*<br>*2. കോഴ്സിലൂടെ പരിചയപ്പെട്ട എഴുത്തുകാരുടെ ഇതര കൃതികൾ, രചനകൾ എന്നിവ കണ്ടെത്തി പുസ്തക പരിചയക്കുറിപ്പ് തയ്യാറാക്കൽ*<br>*3. ടോൾസ്റ്റോയി,ചാൾസ് ഡിക്കൻസ്,മോപ്പസാങ്ങ്,ഡബ്ല്യു ബി യേറ്റ്സ്,വേർഡ്സ് വർത്ത് തുടങ്ങിയവരുടെ രചനകൾ കണ്ടെത്തി വായിക്കൽ.*<br>*4. വിഖ്യാതങ്ങളായ കൃതികളെ അവലംബിച്ച് നിർമിച്ച സിനിമകൾ കണ്ട് റിവ്യൂ തയ്യാറാക്കൽ.* | |

Essential Readings:

1. പാവങ്ങൾ – വിക്ടർ യൂഗോ – വേണു പി ദേശം – DC ബുക്സ്(മൊഡ്യൂൾ 2)
2. അമ്മ – മാക്സിം ഗോൾകി – കെ വി മണലിക്കര – സാഹിത്യപ്രവർത്തക സഹകരണ സംഘം (മൊഡ്യൂൾ 2)
3. കാട്ടുകടന്നൽ – ഏഥ്ൽ ലിലിയൻ വോയ്നിച്ച് – പി ഗോവിന്ദപ്പിള്ള – ചിന്ത പബ്ലിഷേർസ്(മൊഡ്യൂൾ 2)
4. ഏകാന്തതയുടെ നൂറു വർഷങ്ങൾ – ഗബ്രിയേൽ ഗാർസിയ മാർക്വിസ് – ഡോ എസ് വേലായുധൻ – DC ബുക്സ്(മൊഡ്യൂൾ 2)
5. തെരഞ്ഞെടുത്ത അമ്പത് കഥകൾ – സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട്(മൊഡ്യൂൾ 2)
6. ഡോസ്റ്റോയേഫ്സ്കിയുടെ ലോകോത്തര കഥകൾ – DC ബുക്സ്(മൊഡ്യൂൾ 2)
7. ആൻഫ്രാങ്കിന്റെ ഡയറിക്കുറിപ്പുകൾ – DC ബുക്സ്(മൊഡ്യൂൾ 4)

Suggested Readings:

0– വിശ്വസാഹിത്യ താരാവലി – 12 വാല്യം – DC ബുക്സ്
1– ഇലിയഡ് – വിവ: ജി കമലമ്മ – കേരള സാഹിത്യ അക്കാദമി
2– ഡെകാമറൻ കഥകൾ – വിവ: നാഗവള്ളി ആർ എസ് കുറുപ്പ് – DC ബുക്സ്
3– ആയിരത്തൊന്ന് അറേബ്യൻ രാവുകൾ – എം പി സദാശിവൻ – DC ബുക്സ്
4– ഷേക്സ്പിയർ സമ്പൂർണ്ണ കൃതികൾ – DC ബുക്സ്
5– ഈസോപ്പ് കഥകൾ – പ്രൊഫസർ എസ് ശിവദാസ് – മാതൃഭൂമി ബുക്സ്
6– സോവിയറ്റ് നാട്ടിലെ ബാല കഥകളും നാടോടിക്കഥകളും – ഡോ കെ ശ്രീകുമാർ – മാതൃഭൂമി ബുക്സ്
7– ബുദവി പറഞ്ഞ അറബി നാടോടിക്കഥകൾ – ഗ്രീൻ ബുക്സ്
8– പാബ്ലോ നെരൂദയുടെ കവിതകൾ – വിവ: സച്ചിദാനന്ദൻ – DC ബുക്സ്
0/ -വിശ്വോത്തര റഷ്യൻ ബാലകഥകൾ – പരിഭാഷ – ഓമന – മാതൃഭൂമി ബുക്സ്

Assessment Rubrics–തിയറിയുടെ ആഭ്യന്തരമൂല്യനിർണയത്തിനുള്ള 25 മാർക്കിൽ 10 മാർക്ക് നിർബന്ധമായും പരീക്ഷ നടത്തി നൽകേണ്ടതാണ്.10 മാർക്ക് സെമിനാറിനും 5 മാർക്ക് അസൈൻമെന്റിനും നൽകണം. ESE പ്രാക്ടിക്കത്തിനുള്ള 15 മാർക്ക് പരീക്ഷ നടത്തിയോ,പ്രൊജക്റ്റ് വർക്കിനോ, വൈവ നടത്തിയോ നൽകണം. CE പ്രാക്ടിക്കത്തിനുള്ള 10 മാർക്ക് കോഴ്സിന്റെ സ്വഭാവമനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന വിവിധ ഘടകങ്ങളോ കോഴ്സ് പഠിപ്പിക്കുന്ന അദ്ധ്യാപകർ നല്കുന്ന പഠനപ്രവർത്തനങ്ങളോ മാനദണ്ഡങ്ങളായി പരിഗണിച്ച് നൽകാവുന്നതാണ്

| Evaluation Type | | Marks |
|---|---|---|
| End Semester Evaluation | | 50T+15P |
| Continuous Evaluation | | 25T+10P |
| a) | Test Paper- 1 | 10T |
| b) | Test Paper-2 | |
| c) | Assignment | 5T |

| | | |
|---|---|---|
| d) | Seminar | 10T |
| e) | Book/ Article Review | |
| f) | Viva-Voce | |
| g) | Field Report | |
| Total | | 100 |

# KU1DSCMAL104:സ്ത്രീ –അനുഭവമെഴുത്ത്

| Semester | Course Type | Course Level | Course Code | Credits | Total Hours |
|---|---|---|---|---|---|
| 1 | DSC | 100-199 | KU1DSCMAL104 | 4 | 75 |

| Learning Approach (Hours/ Week) | | | Marks Distribution | | | Duration of ESE (Hours) |
|---|---|---|---|---|---|---|
| Lecture | Practical/ Internship | Tutorial | CE | ESE | Total | |
| 3 | 2 | | 25T+10P | 50T+15 P | 100 | 1.5 |

Course Description:സാഹിത്യത്തിനും സാഹിത്യബാഹ്യമായ വ്യവഹാരങ്ങൾക്കുമിടയിൽ രൂപപ്പെട്ട പുതിയ ഗണമാണ് അനുഭവാഖ്യാനങ്ങൾ. ഉള്ളടക്കത്തിൻ്റെ കാര്യത്തിൽ ഏകദേശ സാമ്യമുണ്ടെങ്കിലും ആത്മകഥയും ജീവചരിത്രവും ഓർമ്മക്കുറിപ്പുകളും കേട്ടെഴുത്തുകളും അഭിമുഖങ്ങളും നല്കുന്നതിൽ നിന്ന് വ്യത്യസ്തമായ വായനാനുഭവമാണ് അവ നല്കുക. ഈ സാഹിത്യഗണങ്ങളുടെ അതിരുകളെ ഭേദിക്കുന്നവ കൂടിയാണ് അനുഭവാഖ്യാനങ്ങൾ. ലോകമെമ്പാടും ഫിക്ഷനെക്കാൾ വായനക്കാരുള്ള താരതമ്യേന നവീനമായ ഈ വിഭാഗത്തിൽ വിവിധ ജീവിതമേഖലകളിൽ നിന്നുമുള്ള എഴുത്തുകൾ പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. അവയിൽ സ്ത്രീകളുടെ ഇടപെടലിനെക്കുറിച്ച് സാമാന്യമായും അതു നിർവഹിക്കുന്ന രാഷ്ട്രീയധർമ്മത്തെക്കുറിച്ച് സവിശേഷമായുമുള്ള അവബോധം വിദ്യാർത്ഥികളിൽ സൃഷ്ടിക്കുകയെന്നതാണ് ഈ കോഴ്സിൻ്റെ ലക്ഷ്യം.

Course Prerequisite: NIL

Course Outcomes:

| CO No. | Expected Outcome | Learning Domains |
|---|---|---|
| 1 | അനുഭവമെഴുത്തിനെ സവിശേഷമായ ഒരു സാഹിത്യവ്യവഹാരമായി തിരിച്ചറിയുന്നു | U,An |
| 2 | അനുഭവമെഴുത്തുകളെ വിശകലനം ചെയ്ത് അവയുടെ രാഷ്ട്രീയവും സാമൂഹികവും സാംസ്കാരികവുമായ ധർമ്മങ്ങൾ കണ്ടെത്തുന്നു | U,An,A |
| 3 | സ്ത്രീയുടെ അനുഭവാഖ്യാനങ്ങളുടെ സമീപനവ്യത്യാസങ്ങൾ വിലയിരുത്തുന്നു | U,An,E |
| 4 | കൃതികളുടെ പാഠപരമായ സവിശേഷതകൾ മനസ്സിലാക്കുന്നു | U,An |
| 5 | സാഹിത്യകൃതികളെ വിമർശനാത്മകമായി സമീപിക്കാനുള്ള ശേഷി നേടുന്നു | E,A,An,C |

**Remember (R), Understand (U), Apply (A), Analyse (An), Evaluate (E), Create (C)*

## Mapping of Course Outcomes to PSOs

| | PSO 1 | PSO 2 | PSO 3 | PSO 4 | PSO 5 | PSO 6 | PSO 7 | PSO8 | PSO9 | PSO10 |
|---|---|---|---|---|---|---|---|---|---|---|
| CO 1 | | * | * | | | | | | | |
| CO 2 | | | * | | | | | * | * | |
| CO 3 | | * | * | | | | | | | * |
| CO 4 | | * | * | | | | | * | | * |
| CO 5 | | | * | | | | | | | |

## COURSE CONTENTS

Contents for Classroom Transaction:

| MODULE | UNIT | DESCRIPTION | HOURS |
|---|---|---|---|
| 1 | | MODULE TITLE– അനുഭവമെഴുത്തിൻ്റെ ലോകപശ്ചാത്തലം | 15 |
| | 1 | a) അനുഭവമെഴുത്തിൻ്റെ ലോകപശ്ചാത്തലം – യുദ്ധം – ജീവിതസാക്ഷ്യങ്ങൾ, Memory Boom, | |
| | | b) ഓർമ്മക്കുറിപ്പുകൾ, വാമൊഴിചരിത്രം | |
| | 2 | a) സ്വെറ്റ്ലാന അലക്സിയോവിച്ച് – അഭിമുഖങ്ങളിലൂടെയുള്ള അനുഭവാഖ്യാനങ്ങൾ. സാമാന്യ പരിചയം | |
| | 3 | ആൻ ഫ്രാങ്കിൻ്റെ ഡയറിക്കുറിപ്പുകൾ | |
| | 4 | അനുഭവമെഴുത്തിൻ്റെ ഇന്ത്യൻ പശ്ചാത്തലം – വിഭജനത്തിൻ്റെ ഓർമ്മകൾ | |
| | | a) പാക്കിസ്ഥാൻ: ആകാശം, ചരിത്രം അദൃശ്യമാക്കിയ മുറിവുകൾ – സുധാമേനോൻ– ഡി.സി. ബുക്സ്, കോട്ടയം | |

| | | | |
|---|---|---|---|
| 2 | | MODULE TITLE– സ്ത്രീ–അനുഭവമെഴുത്തിന്റെ രാഷ്ട്രീയം | 15 |
| | 1 | സ്ത്രീ– എഴുത്ത് – അനുഭവം – രാഷ്ട്രീയം | |
| | 2 | ഓർമ്മയുടെ ചരിത്രപരതയും വാമൊഴിയും കേട്ടെഴുത്തുകളും | |
| | 3 | എഴുത്തിൻ്റെ നീല ഞരമ്പ് – കെ.ആർ മീര (എൻ്റെ ജീവിതത്തിലെ ചിലർ) ഡി.സി. ബുക്സ് കോട്ടയം 2023 | |
| | 4 | മയിലമ്മ ഒരു ജീവിതം. – ജ്യോതിബായ് പരിയാടത്ത് മാതൃഭൂമി ബുക്സ് ,കോഴിക്കോട് | |

| | | | |
|---|---|---|---|
| 3 | MODULE TITLE | | 15 |
| | 1 | ബാല്യകാലസ്മരണകൾ – മാധവിക്കുട്ടി, ഡി.സി ബുക്ക്സ് കോട്ടയം | |
| | 2 | a) ജീവിതത്തിൻ്റെ അരങ്ങ് – (ആദ്യ മൂന്നു ഭാഗം)നിലമ്പൂർ ആയിഷ | |
| | | b) അവരിൽ നിന്ന് ഞാൻ പഠിച്ചതും എന്നിൽ നിന്ന് അവർ പഠിച്ചതും – സാറാ ജോസഫ് ( ട്രൂ കോപ്പിതിങ്ക് ) | |
| | 3 | ദ ഗ്രഡ് ഹണ്ടർ – ഇന്ത്യൻ റെയിൻബോ – ഒരു പട്ടാളക്കാരിയുടെ ഓർമ്മക്കുറിപ്പുകൾ (ക്യാപ്ടൻ ഡോ.സോണിയ ചെറിയാൻ) – മാതൃഭൂമി ബുക്ക്സ് | |

| | | | |
|---|---|---|---|
| 4 | MODULE TITLE | | 15 |
| | 1 | അപഥസഞ്ചാരികൾക്ക് ഒരു കൈപ്പുസ്തകം – ഗ്രേസി (മാതൃഭൂമി ബുക്ക്സ്, കോഴിക്കോട് | |
| | 2 | a) സഹസ്രപൂർണിമ – അദ്ധ്യായം 8 – സി.കെ. രേവതിയമ്മ | |
| | | b) സ്ത്രീ എപ്പോൾ തിരിച്ചറിയും? – സ്ത്രീയേയും പ്രണയത്തെയും കുറിച്ച് – തസ്ലിമ നസ്റീൻ (വിവ) പ്രൊഫ എം. കെ. എൻ പോറ്റി , ഗ്രീൻബുക്ക്സ് | |
| | 3 | വൈരുദ്ധ്യങ്ങളുടെ ജനിതകപാലത്തിൽ ഒരമ്മയും മകളും – രേഖാരാജ് ( ട്രൂകോപ്പി തിങ്ക് ) | |

| | | |
|---|---|---|
| 5 | Teacher Specific Module | 15 |
| | *സ്വന്തം അനുഭവങ്ങളെ രേഖപ്പെടുത്തുക, മറ്റൊരാളിൻ്റെ അനുഭവങ്ങൾ കേട്ടെഴുതുക, വിവിധമേഖലകളിൽ പ്രവർത്തിച്ചവരും വിവിധ കാലഘട്ടങ്ങളിൽ ജീവിച്ചവരുമായ മനുഷ്യരുടെ ജീവിതാനുഭവങ്ങളിലെ സമാനതകൾ കണ്ടെത്തുക, ഒരേ കാലഘട്ടത്തിൽ ഒരേ പ്രദേശത്ത് ജീവിച്ചവരുടെ അനുഭവങ്ങളിലെ വ്യത്യസ്തകളും സമാനതകളും കണ്ടെത്തുക, അവയ്ക്ക് പിന്നിലെ സാമൂഹികവും സാംസ്കാരികവും രാഷ്ട്രീയവുമായ കാരണങ്ങൾ വിശകലനം ചെയ്യുക. അധികവായനയ്ക്ക് നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന പുസ്തകങ്ങളുടെ നിരൂപണം തയ്യാറാക്കുക* | |

Essential Readings:

1 സ്ത്രീയെയും പ്രണയത്തെയും കുറിച്ച് – തസ്ലീമ നസ്റീൻ, (വിവ) പ്രൊഫ എം. കെ. എൻ പോറ്റി ഗ്രീൻബുക്ക്സ്, തൃശ്ശൂർ 2013 (മോഡ്യൂൾ 4)

2 ആൻ ഫ്രാങ്കിൻ്റെ ഡയറിക്കുറിപ്പുകൾ – ഡി.സി.ബുക്ക്സ് കോട്ടയം 2022 (മോഡ്യൂൾ 1)

3 ബാല്യകാലസ്മരണകൾ – മാധവിക്കുട്ടി, ഡി.സി ബുക്ക്സ് കോട്ടയം(മോഡ്യൂൾ 3)

4 ജീവിതത്തിൻ്റെ അരങ്ങ് – നിലമ്പൂർ ആയിഷ ,കോവാസ് , കോട്ടയം 2005 (മോഡ്യൂൾ 3)

5.മയിലമ്മ ഒരു ജീവിതം – ജ്യോതിബായ് പരിയാടത്ത് മാതൃഭൂമി ബുക്ക്സ് ,കോഴിക്കോട് 2006 (മോഡ്യൂൾ 2)

Suggested Readings:

1 നീർമാതളം പൂത്തകാലം മാധവിക്കുട്ടി : ഡി.സി. ബുക്സ് കോട്ടയം, 2023

2 എന്റെ കഥ – മാധവിക്കുട്ടി, ഡി.സി. ബുക്സ് കോട്ടയം, 2023

3 ഇന്ത്യൻ റെയിൻബോ – ഒരു പട്ടാളക്കാരിയുടെ ഓർമ്മക്കുറിപ്പുകൾ (ക്യാപ്ടൻ ഡോ.സോണിയ ചെറിയാൻ) – മാതൃഭൂമി ബുക്സ്, കോഴിക്കോട്, 2023

4 നഷ്ടബോധങ്ങളില്ലാതെ – ഒരന്തർജനത്തിന്റെ ആത്മകഥ ദേവകി നിലയങ്ങോട്, കറന്റ് ബുക്സ്,

5 എന്റെ ജീവിതത്തിലെ ചിലർ – കെ. ആർ. മീര (ഡി.സി. ബുക്സ് കോട്ടയം 2023

6 ചരിത്രം അദൃശ്യമാക്കിയ മുറിവുകൾ – സുധാമേനോൻ– ഡി.സി. ബുക്സ്, കോട്ടയം, 2023

7 അപഥസഞ്ചാരികൾക്ക് ഒരു കൈപ്പുസ്തകം – ഗ്രേസി (മാതൃഭൂമി ബുക്സ്, കോഴിക്കോട് ) 2015

8. മൗനവും സംസാരിക്കാറുണ്ട് – ഗ്രേസി – പൂർണ പബ്ലിക്കേഷൻസ് കോഴിക്കോട് 2020

9 ഉറയൂരൽ – ജെ. ദേവിക – ഡി.സി. ബുക്സ് കോട്ടയം, 2023

10 എന്റെ കഥ അഥവാ ഒരു മലയാളി യുവതിയുടെ ജീവിതയാത്ര – വിനയ , കറന്റ് ബുക്സ് തൃശ്ശൂർ, 2003

11 ആ നെല്ലിമരം പുല്ലാണ് – രജനി പാലാമ്പറമ്പിൽ, ഗ്രീൻബുക്സ്, 2021

12 അത് ഞാനായിരുന്നു – അഷിത , ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, മാതൃഭൂമി ബുക്സ് ,കോഴിക്കോട്. 2017

13 ഞാനും ഒരു സ്ത്രീ – സിസ്റ്റർ ജസ്മി ഡി.സി ബുക്സ് കോട്ടയം 2017

14.ഇതെന്റെ രക്തമാണിതെന്റെ മാംസമാണെടുത്തുകൊള്ളുക – എച്ച്മുക്കുട്ടി, ഡി.സി. ബുക്സ് കോട്ടയം 2023

15. ഖയാൽ – ഫർസാന, ഡി.സി ബുക്സ് കോട്ടയം 2023

16. ഓർമ്മയാണ് ഞാൻ – പ്രിയ. എ.എസ്, ഡി. സി. ബുക്സ് കോട്ടയം, 2016

Assessment Rubrics: തിയറിയുടെ ആഭ്യന്തരമൂല്യനിർണയത്തിനുള്ള 25 മാർക്കിൽ 10 മാർക്ക് നിർബന്ധമായും പരീക്ഷ നടത്തി നൽകേണ്ടതാണ്.10 മാർക്ക് സെമിനാറിനും 5 മാർക്ക് അസൈൻമെന്റിനും നൽകണം. ESE പ്രാക്ടിക്കത്തിനുള്ള 15 മാർക്ക് പരീക്ഷ നടത്തിയോ,പ്രൊജക്റ്റ് വർക്കിനോ, വൈവ നടത്തിയോ നൽകണം. CE പ്രാക്ടിക്കത്തിനുള്ള 10 മാർക്ക് കോഴ്സിന്റെ സ്വഭാവമനുസരിച്ച് താഴെ കൊടുത്തിരിക്കുന്ന വിവിധ ഘടകങ്ങളോ കോഴ്സ് പഠിപ്പിക്കുന്ന അധ്യാപകർ നല്കുന്ന പഠനപ്രവർത്തനങ്ങളോ മാനദണ്ഡങ്ങളായി പരിഗണിച്ച് നൽകാവുന്നതാണ്.

| Evaluation Type | Marks |
|---|---|
| End Semester Evaluation | 50T+15P |
| Continuous Evaluation | 25T+10P |

| | | |
|---|---|---|
| a) | Test Paper- 1 | 10T |
| b) | Test Paper-2 | |
| c) | Assignment | 5T |
| d) | Seminar | 10T |
| e) | Book/ Article Review | |
| f) | Viva-Voce | |
| g) | Field Report | |
| Total | | 100 |

## KU2DSCMAL105:കവിതയും കവിതാവായനയും

| Semester | Course Type | Course Level | Course Code | Credits | Total Hours |
|---|---|---|---|---|---|
| 2 | DSC | 100-199 | KU2DSCMAL105 | 4 | 75 |

| Learning Approach (Hours/ Week) | | | Marks Distribution | | | Duration of ESE (Hours) |
|---|---|---|---|---|---|---|
| Lecture | Practical/ Internship | Tutorial | CE | ESE | Total | |
| 3 | 2 | | 25T+10P | 50T+15 P | 100 | 1.5 |

*Course Description: മലയാളഭാഷയും സാഹിത്യവും ഐച്ഛികവിഷയമായി പഠിക്കുന്ന വിദ്യാർത്ഥികളുടെ ഭാഷാബോധവും സാഹിത്യബോധവും വിപുലീകരിക്കുന്നതിനും ഉറപ്പിക്കുന്നതിനും വേണ്ടിയാണ് ഈ കോഴ്സ് രൂപകല്പന ചെയ്തിട്ടുള്ളത്. സർഗാത്മകചിന്തയ്ക്കൊപ്പം സാമൂഹികതയിലേക്ക് കൂടി തുറക്കുന്ന വാതിലുകൾ പുതിയ കാലത്ത് ഒരു അനിവാര്യതയാണ്. ആശയവിനിമയം മാത്രമായി ഒരു ഭാഷയും നിലനിൽക്കുകയില്ല. ചില സൗന്ദര്യങ്ങളെ കാണിച്ചുതരാൻ സാഹിത്യഭാവനയും ഭാഷയിൽ ഉള്ളടങ്ങിക്കിടക്കേണ്ടതുണ്ട്. ഭാഷയുടെ ഗുരുത്വകേന്ദ്രമായി സാഹിതീയതയെ കല്പിക്കാവുന്നതാണ്. സാഹിത്യത്തിലെ തെളിമയും കലർപ്പുകളും ലോകക്രമത്തെ പുതിയ മട്ടിൽ മനസ്സിലാക്കിയെടുക്കാനും അനുഭവവേദ്യമാക്കാനും വിദ്യാർത്ഥികളെ പ്രാപ്തരാക്കുക, ആസ്വാദന നിലവാരം മെച്ചപ്പെടുത്തുക, ജീവിതഗന്ധിയായ അപരലോകങ്ങളെ പരിചയപ്പെടുക, വർത്തമാനകാല സമൂഹം സാഹിത്യത്തെ സ്വാംശീകരിച്ച വഴികൾ മനസിലാക്കുക എന്നിവയാണ് ഈ കോഴ്സിന്റെ പഠനത്തിലൂടെ ലക്ഷ്യം വെക്കുന്നത്. രണ്ടാം സെമസ്റ്ററിൽ മലയാള സാഹിത്യത്തിലെ ഒരു പ്രധാന സംവർഗമായ കവിതയുടെ വിശാലലോകത്തെ അന്വേഷണാത്മകമായി സമീപിക്കാൻ പ്രചോദനം നൽകുന്ന വിധത്തിൽ വ്യത്യസ്ത കാലഘട്ടങ്ങളിലെ ഭാവുകത്വത്തെ നിർണയിച്ച ഏതാനും കവിതകളെ പാഠഭാഗത്ത് ഉൾപ്പെടുത്തിയിരിക്കുന്നു. സാഹിത്യപഠനത്തെ സംസ്കാരപഠനമായി കാണുന്ന സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്.*

Course Prerequisite: NIL

Course Outcomes:

| CO No. | Expected Outcome | Learning Domains |
|---|---|---|
| 1 | അടിസ്ഥാനപരമായി കവിതയുടെ പദവിന്യാസം എന്താണെന്ന് തിരിച്ചറിയുന്നു | U,AN |

| | | |
|---|---|---|
| 2 | കാവ്യഭാഷയുടെ സവിശേഷതകൾ മനസ്സിലാക്കി ആസ്വാദനനിലവാരം മെച്ചപ്പെടുത്തുന്നു | U,AN |
| 3 | പാഠത്തെ വിമർശനാത്മകമായി കാണാൻ പരിശീലിക്കുന്നു | AN,E,C |
| 4 | സംസ്കാരപരിണാമത്തിൻ്റെ സൂചകങ്ങൾ തിരിച്ചറിയുന്നു | U,A,AN |
| 5 | പ്രമേയം, ആഖ്യാനം, പരിചരണം എന്നിവയുടെ വിശകലനം നിർവഹിക്കാൻ പര്യാപ്തമാക്കുന്നു | U,A,AN |
| 6 | കാവ്യപാഠം സമകാലികതയോട് സംവദിക്കുന്ന രീതി മനസ്സിലാക്കാൻ സഹായിക്കുന്നു. | U,AN,E |

*Remember (R), Understand (U), Apply (A), Analyse (An), Evaluate (E), Create (C)*

Mapping of Course Outcomes to PSOs

| | PSO 1 | PSO 2 | PSO 3 | PSO 4 | PSO 5 | PSO 6 | PSO 7 | PSO 8 | PSO 9 | PSO 10 |
|---|---|---|---|---|---|---|---|---|---|---|
| CO 1 | * | * | * | | | | | | | |
| CO 2 | | * | * | | | | | * | | |
| CO 3 | | | * | | | | | | | |
| CO 4 | * | | | | | | | * | | |
| CO 5 | | | * | | | | | * | | * |
| CO6 | | * | * | | | | | * | | |

COURSE CONTENTS

Contents for Classroom Transaction:

| MODULE | UNIT | DESCRIPTION | HOURS |
|---|---|---|---|
| | MODULE TITLE– നവോത്ഥാനം– ദേശീയത –പാശ്ചാത്യ കാവ്യസ്വാധീനം – ആധുനികത – വിലാപകാവ്യം – ഖണ്ഡകാവ്യം – | | 15 |
| 1 | 1 | നവോത്ഥാനം– ദേശീയത –പാശ്ചാത്യ കാവ്യസ്വാധീനം – ആധുനികത – വിലാപകാവ്യം – ഖണ്ഡകാവ്യം – ഇവയുടെ സവിശേഷതകൾ | |
| | | a) ആധുനിക കവിത്രയം – കുമാരനാശാൻ – ഉള്ളൂർ – വള്ളത്തോൾ | |
| | 2 | ഖണ്ഡകാവ്യം | |
| | | a) കരുണ ( മുഴുവൻ) കുമാരനാശാൻ | |
| | 3 | PRACTICUM –പാപത്തിൽ നിന്നു വിശുദ്ധിയിലേക്ക് എം.കെ.സാനു ( എം.കെ സാനുവിൻ്റെ തെരഞ്ഞെടുത്ത കൃതികൾ വാല്യം – 2 ഹരിതം ബുക്സ് കോഴിക്കോട് )– | |

| | | | |
|---|---|---|---|
| 2 | MODULE TITLE– കാല്പനികത – മിസ്റ്റിസിസം–സിംബോളിസം – ഭാവഗീതം – ഇവയെക്കുറിച്ച് സാമാന്യ ധാരണ | | 15 |
| | 1 | കാല്പനിക കവിത | |
| | 2 | മനസ്വിനി – ചങ്ങമ്പുഴ കൃഷ്ണപിള്ള | |
| | 3 | ചങ്ങമ്പുഴയുടെ ഭൂമിയും ആകാശവും – കെ.എസ് രവികുമാർ (ആധുനികതയുടെ അപാവരണങ്ങൾ, എസ് പി സി എസ് ) | |
| | 4 | ജി. ശങ്കരക്കുറുപ്പ് – അന്വേഷണം | |
| | 5 | PRACTICUM– അന്വേഷണം: കവിതയും ദർശനവും – എസ് രാജശേഖരൻ (നവോത്ഥാനാനന്തര കവിത – കവിതയിലെ സഞ്ചാരങ്ങൾ, നാഷണൽ ബുക്ക് സ്റ്റാൾ) | |

| | | | |
|---|---|---|---|
| 3 | MODULE TITLE– ആധുനികതാവാദം – റിയലിസം സാമാന്യ ധാരണ – | | 15 |
| | 1 | a)ആഫ്രിക്ക –എൻ.വി.കൃഷ്ണവാര്യർ | |
| | | b) PRACTICUM– ആഫ്രിക്ക വീണ്ടും വായിക്കുമ്പോൾ – എൻ അജയകുമാർ, (വാക്കിലെ നേരങ്ങൾ, കേരള സാഹിത്യ അക്കാദമി ) | |
| | 2 | a) എവിടെ മനസ്സ് –അയ്യപ്പപണിക്കർ | |
| | | b) പുതിയ വാതിലുകൾ –ചന്ദ്രമതി ( എഴുത്തിൻ്റെ ലോകങ്ങൾ നാഷണൽ ബുക് സ്റ്റാൾ, കോട്ടയം | |

| | | | |
|---|---|---|---|
| 4 | MODULE TITLE– ആധുനികാനന്തര കവിത –സാമാന്യധാരണ | | 15 |
| | 1 | നരകത്തിൽ എസ്.ജോസഫ് (കണ്ണാടിയിൽ – ഡി സി ' ബുക്സ് ) | |
| | | a) ധന്യമാണ വനഭംഗിയുള്ള വിജനത്തിലെൻ്റെ ചെറുജീവിതം എസ് ജോസഫിൻ്റെ കവിതകളെക്കുറിച്ച് ഒരു പഠനം – സി ജെ ജോർജ് | |
| | 2 | a) പടം കൊഴിച്ച് പുനത്തിലേക്കിറങ്ങുമ്പോൾ – ധന്യ വേങ്ങച്ചേരി (മിരെ നീര് ) | |
| | | b) പച്ചക്കണം കാട്ടു കടന്നലും ധന്യ വേങ്ങച്ചേരിയുടെ കവിത തെളിക്കുന്ന വഴികൾ – ഡോ.എം ബി മനോജ് | |
| | 3 | മനുഷ്യപുത്രി – വിജയരാജമല്ലിക (ദൈവത്തിൻ്റെ മകൾ രണ്ടാം പതിപ്പ് ചിന്ത ) | |
| | | a) PRACTICUM– ഉടൽപ്പെരുക്കങ്ങൾ (വിജയരാജമല്ലികയുടെ കൃതികൾക്ക് ഒരു പഠനം – മിനി ആലീസ് (ഭാഷാസാഹിതി 2008 ജനുവരി 2011 ഡിസംബർ പുസ്തകം 32 – 35 ലക്കം 1–16 പ്രസാധനം – ഡിസംബർ 2020) | |

| | | |
|---|---|---|
| 5 | Teacher Specific Module | 15 |
| | *Directions– സ്വതന്ത്രമായി പഠനപ്രവർത്തനങ്ങൾ തയ്യാറാക്കാം.*<br>*1ഖണ്ഡകാവ്യത്തിൽ വള്ളത്തോളിൻ്റെയും ഉള്ളൂരിൻ്റെയും സംഭാവനകളെ വിലയിരുത്താം*<br>*2 ഖണ്ഡകാവ്യശാഖയുടെ പരിണാമത്തെക്കുറിച്ച് സെമിനാർ സംഘടിപ്പിക്കാം* | |

| | | |
|---|---|---|
| | *3 കവിതാലാപന സദസ്സ് സംഘടിപ്പിക്കാം*<br>*4 കവികളുമായി നേരിട്ടുള്ള സംവാദങ്ങൾക്ക് അവസരമുണ്ടാക്കാം.* | |

Essential Readings:

1. കണ്ണാടിയിൽ – എസ്.ജോസഫ് –ഡി സി – ബുക്സ് (മോഡ്യൂൾ 4)

2.നവോത്ഥാനാനന്തര കവിത – കവിതയിലെ സഞ്ചാരങ്ങൾ– എസ് രാജശേഖരൻ നാഷണൽ ബുക്ക് സ്റ്റാൾ(മോഡ്യൂൾ 2)

3.ആധുനികതയുടെ അപാവരണങ്ങൾ– കെ.എസ് രവികുമാർ, എസ് പി സി എസ്(മോഡ്യൂൾ 2)

4.വാക്കിലെ നേരങ്ങൾ– എൻ അജയകുമാർ, കേരള സാഹിത്യ അക്കാദമി (മോഡ്യൂൾ 3)

5.കാവിയ പൊത്തകനെര ഗോത്ര പെൺ കവിതകൾ എഡിഃ ധന്യ വേങ്ങച്ചേരി, ബ്രണ്ണൻ പ്രസ്സ് (മോഡ്യൂൾ 4)

6.മലയാള കവിതാ സാഹിത്യ ചരിത്രം – ഡോ എം. ലീലാവതി (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ) (മോഡ്യൂൾ 1,2,3)

7 മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം പ്രൊഫ എം.പി പണിക്കർ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം) (മോഡ്യൂൾ 1)

Suggested Readings:

1 മലയാള കവിതാ സാഹിത്യ ചരിത്രം – ഡോ എം. ലീലാവതി (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ)

2 മലയാള കവിതാ പഠനങ്ങൾ –സച്ചിദാനന്ദൻ (മാതൃഭൂമി ബുക്സ്. കോഴിക്കോട് )

3 കവിത തെരഞ്ഞെടുത്ത പ്രബന്ധങ്ങൾ ഡോ എം.എം ബഷീർ (കേരള ഭാഷാ ഇസ്റ്റിറ്റൂട്ട്, തിരുവനന്തപുരം)

4 അജയകുമാർ എൻ, വാക്കിലെ നേരങ്ങൾ, (കേരള സാഹിത്യ അക്കാദമി, തൃശ്ശൂർ)

5 ആശാൻ കവിത ആധുനികാനന്തര പാഠങ്ങൾ – പി.പവിത്രൻ ( സാംസ്കാരിക പ്രസിദ്ധീകരണ വകുപ്പ്, തിരുവനന്തപുരം)

6 കലയും രാഷ്ട്രീയവും കവിതയിൽ എം എം നാരായണൻ ( ചിന്ത പബ്ലിഷേഴ്സ് തിരുവനന്തപുരം )

7 മൗനത്തിൻ്റെ മുഴക്കങ്ങൾ എൻ പ്രഭാകരൻ ( കൈരളി ബുക്സ് കണ്ണൂർ )

8 എതിരെഴുത്തുകൾ പി പി രവീന്ദ്രൻ (എസ് പി സി എസ് കോട്ടയം)

9 കവിതയിലെ സ്ഥലകാലങ്ങൾ ഡോ എ അരവിന്ദാക്ഷൻ (കറൻ്റ് ബുക്സ് തൃശ്ശൂർ)

10 ഭാഷയും ഭാവനയും പ്രതിരോധത്തിൻ്റെ അടയാളങ്ങൾ ഡോ സി ആർ പ്രസാദ് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം)

11 കലാവിമർശം മാർക്സിസ്റ്റ് മാനദണ്ഡം, രവീന്ദ്രൻ (എഡി) ചിന്തപബ്ലിഷേഴ്സ് തിരുവനന്തപുരം )

12 കവിയും കവിതയും പി നാരായണക്കുറുപ്പ് (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം)

13 ആധുനികതയുടെ അപാവരണങ്ങൾ കെ എസ് രവികുമാർ (എസ് പി സി എസ് കോട്ടയം)

14 നവോത്ഥാനാനന്തര കവിത കവിതയിലെ സഞ്ചാരങ്ങൾ എസ് രാജശേഖരൻ (നാഷണൽ ബുക്ക് സ്റ്റാൾ )

15 കവിതയുടെ വഴികൾ എൻ അജയകുമാർ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം)

16 കവിതയും പാരമ്പര്യവും എൻ എൻ കക്കാട് (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം)

17 മലയാള ഖണ്ഡകാവ്യങ്ങൾ ഒരു പഠനം പ്രൊഫ എം.പി പണിക്കർ (കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം)

18 ആഖ്യാനങ്ങളുടെ പുസ്തകം രാജേന്ദ്രൻ എടത്തുംകര (ലോഗോസ് പട്ടാമ്പി )

19 കവിതയുടെ കാതൽ എൻ പ്രഭാകരൻ ( കൈരളി ബുക്സ്, കണ്ണൂർ)

20 വാക്കിലെ സമൂഹം' ഇ വി രാമകൃഷ്ണൻ (ഡി സി ബുക്സ് )

21 കവിത : ഉടലും ഭാഷയും ഡോ. എം. ബി. മനോജ് ( ബ്ലാക്ക് ലൈൻ ബുക്സ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി )

22 മലയാള കവിത ആധുനികതയും പാരമ്പര്യവും എം ആർ രാഘവവാരിയർ (വള്ളത്തോൾ വിദ്യാപീഠം, ശുകപുരം)

23 പുതുകവിതയുടെ സഞ്ചാരങ്ങൾ പുതുകവിതയുടെ ലഘുചരിത്രം എസ് ജോസഫ് (ഫേബിയൻ ബുക്സ് , മാവേലിക്കര )

Assessment Rubrics: തിയറിയുടെ ആഭ്യന്തരമൂല്യനിർണയത്തിനുള്ള 25 മാർക്കിൽ 10 മാർക്ക് നിർബന്ധമായും പരീക്ഷ നടത്തി നൽകേണ്ടതാണ്.10 മാർക്ക് സെമിനാറിനും 5 മാർക്ക് അസൈൻമെന്റിനും നൽകണം. ESE പ്രാക്ടിക്കത്തിനുള്ള 15 മാർക്ക് പരീക്ഷ നടത്തിയോ,പ്രൊജക്റ്റ് വർക്കിനോ, വൈവ നടത്തിയോ നൽകണം. സിലബസിൽ പ്രാക്ടിക്കം ആയി അടയാളപ്പെടുത്തിയ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കിയുള്ള പ്രവർത്തനങ്ങൾക്കാണ് CE പ്രാക്ടിക്കത്തിനുള്ള 10 മാർക്ക് നൽകേണ്ടത്.ഈ പാഠഭാഗങ്ങളെ ആസ്പദമാക്കി പഠനക്കുറിപ്പുകൾ,സെമിനാർ പേപ്പറുകൾ,അസ്സൈൻമെന്റ് തുടങ്ങിയവ തയ്യാറാക്കാൻ നിർദേശിക്കണം .CE പ്രാക്ടിക്കത്തിനായി നൽകുന്ന പ്രവർത്തനങ്ങൾ വിദ്യാർത്ഥികൾ പ്രത്യേകം റെക്കോർഡ് ബുക്കിൽത്തന്നെ എഴുതി നൽകേണ്ടതാണ്.

| Evaluation Type | | Marks |
|---|---|---|
| End Semester Evaluation | | 50T+15P |
| Continuous Evaluation | | 25T+10P |
| a) | Test Paper- 1 | 10T |
| b) | Test Paper-2 | |
| c) | Assignment | 5T |
| d) | Seminar | 10T |
| e) | Book/ Article Review | |
| f) | Viva-Voce | |
| g) | Field Report | |
| Total | | 100 |

# KU2DSCMAL106:ഇന്ത്യൻ സാഹിത്യപരിചയം

| Semester | Course Type | Course Level | Course Code | Credits | Total Hours |
|---|---|---|---|---|---|
| 2 | DSC | 100-199 | KU2DSCMAL106 | 4 | 75 |

| Learning Approach (Hours/ Week) | | | Marks Distribution | | | Duration of ESE (Hours) |
|---|---|---|---|---|---|---|
| Lecture | Practical/ Internship | Tutorial | CE | ESE | Total | |
| 3 | 2 | | 25T+10P | 50T+15 P | 100 | 1.5 |

*Course Description: ഇന്ത്യയിലെ വിവിധഭാഷകൾക്കുള്ള സമ്പന്നമായ സാഹിത്യലോകത്തെ സാമാന്യമായി പരിചയപ്പെടുകയെന്നതാണ് ഈ കോഴ്സിൻ്റെ ലക്ഷ്യം. പല കാലഘട്ടങ്ങളിലുണ്ടായ സാഹിത്യകൃതികളെ വിമർശനാത്മകമായി വിലയിരുത്താനുള്ള ശേഷി വിദ്യാർത്ഥികൾക്ക് ഉണ്ടാവണം. ഒരു ബഹുസ്വരസമൂഹം രൂപപ്പെടുന്നതിനുള്ള സാഹിതീയവും സാംസ്കാരികവുമായ പശ്ചാത്തലം വിദ്യാർത്ഥികൾ മനസ്സിലാക്കുകയെന്നതാണ് ഈ കോഴ്സിൻ്റെ ലക്ഷ്യം.*

Course Prerequisite: NIL

Course Outcomes:

| CO No. | Expected Outcome | Learning Domains |
|---|---|---|
| 1 | ഇന്ത്യൻ സാഹിത്യത്തിലെ സവിശേഷമായ ബഹുസ്വരത തിരിച്ചറിയുന്നു | U |
| 2 | സാഹിത്യമാതൃകകളുടെ ഉള്ളടക്കങ്ങൾ, ഭാവുകത്വപരിണാമം എന്നിവ വിശകലനം ചെയ്യുന്നു | U,An |
| 3 | വിവിധ കാലദേശങ്ങളിലുണ്ടായ കൃതികളുടെ സമീപന വ്യത്യാസങ്ങൾ വിലയിരുത്തുന്നു. | A,An,E |
| 4 | കൃതികളുടെ പാഠപരമായ സവിശേഷതകൾ മനസ്സിലാക്കുന്നു. | U,An,E |
